©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 23<br>23rd October 2018<br>1194 തുലാം 6<br>6th Thulam 1194<br>1940 കാർത്തികം 1<br>1st Karthika 1940 | നമ്പർ<br>No. | 42 |

# PART III

# Industries Department

**ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ : ബിജു കുര്യൻ)

നമ്പർ ബി5/1770/2016. 2018 ഒക്ടോബർ 10.

വിഷയം:— വ്യവസായം—സഹകരണം—ഉപ്പുതറ നവോദയ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഐ. എൻ. ഡി. (ഐ) 12, ഉപ്പുതറ സമാപ്തീകരണ നടപടി നടത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:— ജൂനിയർ സഹകരണ ഇൻസ്പെക്ടറുടെ 18-7-2018-ലെ ജെ. സി. ഐ/എസ്. ഐ. എൻ. ഡി. (ഐ) 12/18 നമ്പർ റിപ്പോർട്ട്.

ഉപ്പുതറ നവോദയ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഐ. എൻ. ഡി (ഐ) 12 എന്ന സംഘത്തിന്റെ സെക്ഷൻ 65 അന്വേഷണം പൂർത്തിയാക്കി സൂചന പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ട് പ്രകാരം സംഘം തുടർന്ന് പ്രവർത്തിക്കുവാൻ യാതൊരുവിധ അനുകൂല സാഹചര്യവും ഇല്ലാത്തതിനാൽ സംഘം ലിക്വിഡേറ്റ് ചെയ്ത് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ജൂനിയർ സഹകരണ ഇൻസ്പെക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

ഉത്തരവ്

മേൽ സാഹചര്യത്തിൽ ഉപ്പുതറ നവോദയ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. ഐ. എൻ. ഡി. (ഐ) 12-ന്റെ പ്രവർത്തനം സമാപ്തീകരണത്തിന്റെ ഭാഗമായി വകുപ്പ് 72 (1) അനുസരിച്ച് ഈ ഓഫീസിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. സംഘത്തിന്റെ മുഴുവൻ ആസ്തികളും രജിസ്റ്ററുകളും റെക്കോർഡുകളും എത്രയും വേഗം ഏറ്റെടുക്കേണ്ടതാണ്. ടി സംഘത്തിന് ലഭിക്കാനുള്ളവ ഏറ്റെടുക്കുകയും സംഘം കൊടുക്കാനുള്ളവ കൊടുത്ത് തീർത്തു കൊണ്ടും ലിക്വിഡേഷൻ നടപടികൾ 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

ജില്ലാ വ്യവസായകേന്ദ്രം, (ഒപ്പ്)
ഇടുക്കി. ജനറൽ മാനേജർ.